ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 22.11.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹൈദരാബാദിൽ നാലാമത് ലോക് മന്ഥൻ സാംസ്കാരിക പരിപാടി ഉദ്ഘാടനം ചെയ്യും.

**President Draupadi Murmu will inaugurate the 4th Lok Manthan cultural program in Hyderabad today.**

2) ആഗോള വികസനത്തിനും സമാധാനത്തിനും വേണ്ടിയാണ് ഇന്ത്യ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi said that India stands for global development and peace.**

3) സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേയ്ക്കും എത്തുന്ന രീതിയിൽ കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് കാണാൻ കഴിയുന്ന പരിപാടികൾ ജനങ്ങളിലെത്തിക്കാൻ പ്രസാർ ഭാരതി പ്രതിബദ്ധമാണെന്ന് ചെയർമാൻ നവനീത് കുമാർ സെഹ്ഗാൾ.

**Prasar Bharti Chairman Navneet Kumar Sehgal said that Prasar Bharti is committed to make clean family entertainment reach all sections of society.**

4) യുക്രൈനെ ലക്ഷ്യമിട്ട് ആദ്യമായി ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ പ്രയോഗിച്ച് റഷ്യ.

**Russia fires intercontinental ballistic missile at Ukraine for the first time.**

5) പാകിസ്ഥാനിൽ യാത്രാ വാഹനങ്ങൾക്ക് നേരെ ഉണ്ടായ ആക്രമണത്തിൽ മരണസംഖ്യ 45 ആയി.

**In Pakistan 45 civilians killed in an attack on passenger vans.**

6) ബോർഡർ-ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യയും ഓസ്ട്രേലിയയും തമ്മിൽ ഏറ്റുമുട്ടും.

**In Border-Gavaskar Trophy Test Cricket India will take on Australia today.**

&&&&&&&&&&&&&&&&&&

## REV. PREZ - HYDERABAD

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹൈദരാബാദിൽ നാലാമത് ലോക് മന്ഥൻ സാംസ്കാരിക പരിപാടി ഉദ്ഘാടനം ചെയ്യും. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ആദ്യമായാണ് അന്താരാഷ്ട്ര സാംസ്കാരികോത്സവം നടക്കുന്നത്. 12 രാജ്യങ്ങളിൽ നിന്നുള്ള കലാകാരന്മാർ, സാംസ്കാരിക പ്രതിനിധികൾ, തുടങ്ങിയവർ പങ്കെടുക്കും. ഇന്നലെ, ഹൈദരാബാദിൽ നടന്ന കോടി ദീപോത്സവം പരിപാടിയിൽ ശ്രീമതി മുർമു പങ്കെടുത്തു. സമഗ്രമായ വികസനത്തിനും സാംസ്കാരിക സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കണമെന്ന് രാഷ്ട്രപതി രാജ്യത്തെ പൗരന്മാരോട് അഭ്യർത്ഥിച്ചു. രാജ്യത്തിന്റെ സമഗ്ര വികസനത്തിന് കൂട്ടായ പരിശ്രമവും സാംസ്കാരിക സംരക്ഷണവും ആവശ്യമാണെന്നും രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM - GUYANA PARLIAMENT ( INTRO)

എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹം കെട്ടിപ്പടുക്കാൻ ജനാധിപത്യത്തേക്കാൾ വലിയ ഉപകരണമില്ലെന്ന് പ്രധാനമന്ത്രി

നരേന്ദ്ര മോദി. ഗയാന പാർലമെന്റ് ദേശീയ അസംബ്ലിയുടെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആഗോള വികസനത്തിനും സമാധാനത്തിനും വേണ്ടിയാണ് ഇന്ത്യ നിലകൊള്ളുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ് )

ഇത് സംഘർഷങ്ങൾക്കുള്ള സമയമല്ലെന്നും തർക്കങ്ങളിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള സമയമാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. തീവ്രവാദം, ലഹരിക്കടത്ത്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയുൾപ്പെടെ ലോകം ഇന്ന് നേരിടുന്ന വെല്ലുവിളികളെ ഒറ്റക്കെട്ടായി നേരിടണമെന്നും ശ്രീ മോദി പറഞ്ഞു. ഗയാനീസ് പാർലമെന്റംഗങ്ങളെ പ്രധാനമന്ത്രി ഇന്ത്യയിലേക്ക് ക്ഷണിച്ചു. തുടർന്ന് ജോർജ്ജ്ടൗണിലെ പ്രൊമെനേഡ് ഗാർഡനിലെ മഹാത്മാഗാന്ധിയുടെ പ്രതിമയിൽ പ്രധാനമന്ത്രി പുഷ്പാർച്ചന നടത്തി.

&&&&&&&&&&&&&&&&&&

## PM GUYANA DIASPORA

നൈജീരിയ, ബ്രസീൽ, ഗയാന എന്നിവിടങ്ങളിലെ സന്ദർശനം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലേക്ക് പുറപ്പെട്ടു. ഗയാന സന്ദർശനത്തിന്റെ ഭാഗമായി വെസ്റ്റ് ഇൻഡീസിലെ പ്രമുഖ ക്രിക്കറ്റ് താരങ്ങളുമായി പ്രധാനമന്ത്രി ജോർജ്ജ്ടൗണിൽ കൂടിക്കാഴ്ച നടത്തി. ഗയാനയിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിച്ചു. ഇന്ത്യ അതിവേഗത്തിൽ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ന്,

പല വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളും ഇന്ത്യയെ ആണ് മാതൃകയാക്കുന്നതെന്ന് പരിപാടിയിൽ സംസാരിച്ച ഗയാന പ്രസിഡന്റ് ഇർഫാൻ അലി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## RAJNATH MEETINGS

ലാവോസിലെ ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിന്റെ പശ്ചാത്തലത്തിൽ രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിംഗ്, യു എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനുമായി കൂടിക്കാഴ്ച നടത്തി. വ്യാവസായിക നവീകരണം, മെച്ചപ്പെട്ട പ്രവർത്തന ഏകോപനം, തുടങ്ങിയവ അടിസ്ഥാനമാക്കി ഇന്ത്യ-യു എസ് പ്രതിരോധ പങ്കാളിത്തത്തിൽ കൈവരിച്ച പുരോഗതിയെ ഇരു നേതാക്കളും അഭിനന്ദിച്ചു. യു.എസ്-ഇന്ത്യ പ്രതിരോധ വ്യാവസായിക സഹകരണ പ്രവർത്തന മാർഗ്ഗരേഖയ്ക്ക് കീഴിൽ ജെറ്റ് എഞ്ചിനുകൾ, യുദ്ധോപകരണങ്ങൾ എന്നിവയിൽ ഉൾപ്പെടെ, ഇരു രാജ്യങ്ങളും കൈവരിച്ച ശ്രദ്ധേയമായ പുരോഗതി അഭിനന്ദനീയമാണെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## PRASAR BHARATI-OTT (INTRO)

കുടുംബാംഗങ്ങൾക്ക് ഒരുമിച്ചിരുന്ന് ആസ്വദിക്കാൻ കഴിയുന്ന പരിപാടികൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിക്കുക എന്ന കടമയുടെ ഭാഗമായാണ് പ്രസാർ ഭാരതിയുടെ ഒടിടി പ്ലാറ്റ്ഫോമായ 'വേവ്സ്' പുറത്തിറക്കിയതെന്ന് പ്രസാർ ഭാരതി ചെയർമാൻ നവനീത് കുമാർ സെഹ്ഗാൾ. രാജ്യത്തിന്റെ ചരിത്രവും സമ്പന്നമായ

സാംസ്കാരിക പൈതൃകവും ഉൾപ്പെടുത്തിയുള്ള പ്രാദേശിക സാംസ്കാരിക പരിപാടികളും ലഭ്യമാക്കിയിട്ടുണ്ടെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

( വോയിസ് )

പരമാവധി പ്രേക്ഷകരിലേക്ക് ഇത്തരം പരിപാടികൾ എത്തിക്കുക എന്ന ആശയമാണ് ഒടിടി പ്ലാറ്റ്ഫോം ആരംഭിച്ചതിന് പിന്നിലെന്ന് പ്രസാർ ഭാരതി CEO ഗൗരവ് ദ്വിവേദി വ്യക്തമാക്കി. തുടക്കത്തിൽ പന്ത്രണ്ടോളം ഭാഷകളിലെ പരിപാടികൾ ഇതിലൂടെ ലഭ്യമാകുമെന്നും ശ്രീ. ദ്വിവേദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## SHEKHAWAT YUVA PURASKAR

2022, 2023 വർഷങ്ങളിലെ ഉസ്താദ് ബിസ്മില്ലാ ഖാൻ യുവപുരസ്ക്കാരങ്ങൾ കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത് ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ സമ്മാനിക്കും. 82 യുവ കലാകാരന്മാരെ പുരസ്കാരങ്ങൾ നൽകി ആദരിക്കും. ഭാരതരത്ന ഉസ്താദ് ബിസ്മില്ലാ ഖാന്റെ പേരിൽ 2006-ൽ സംഗീത നാടക അക്കാദമിയാണ് 40 വയസ്സുവരെയുള്ള കലാകാരന്മാർക്കായി അവാർഡ് ഏർപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

## RUSSIA – UKRAINE

യുക്രൈനിനെ ലക്ഷ്യമിട്ട് ആദ്യമായി ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ പ്രയോഗിച്ച് റഷ്യ. യുക്രേനിയൻ നഗരമായ ഡിനിപ്രോയെ ലക്ഷ്യമിട്ട് അസ്ട്രാഖാൻ മേഖലയിൽ നിന്നാണ്

റഷ്യ മിസൈൽ തൊടുത്തത്. യു.എസ്, യു.കെ, ഫ്രാൻസ് എന്നീ രാജ്യങ്ങൾ വിതരണം ചെയ്ത ദീർഘദൂര മിസൈലുകൾ യുക്രൈൻ, റഷ്യൻ മേഖലകളിലേക്ക് പ്രയോഗിച്ചതിനെത്തുടർന്നാണ് ആക്രമണമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ അറിയിച്ചു. അതേസമയം മിസൈൽ ആക്രമണത്തിൽ യുക്രൈനിൽ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല.

&&&&&&&&&&&&&&&&&&

## ICC-AREEST WARRANTS

ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു, മുൻ പ്രതിരോധമന്ത്രി യോവ് ഗാലന്റ്, ഹമാസ് നേതാവ് ഇബ്രാഹിം അൽ മസ്രി എന്നിവർക്കെതിരേ അന്താരാഷ്ട്ര ക്രിമിനൽ കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു. ഇസ്രയേലും ഹമാസുമായുള്ള യുദ്ധത്തിലെ യുദ്ധകുറ്റങ്ങളുടെയും മനുഷ്യാവകാശ ലംഘനങ്ങളുടെയും പേരിലാണ് നടപടി. മൂന്നുപേർക്കും ക്രിമിനൽ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്തമുണ്ടെന്ന് കോടതി നിരീക്ഷിച്ചു. എന്നാൽ തങ്ങൾക്കെതിരായ യുദ്ധക്കുറ്റങ്ങൾ ഇസ്രായേൽ നിഷേധിച്ചു.

&&&&&&&&&&&&&&&&&&

## KHYBER PAKHTUNKHWA - TOLL

പാക്കിസ്ഥാനിലെ ഖൈബർ പഖ്തൂൺഖ്വ പ്രവിശ്യയിൽ യാത്രാ വാഹനങ്ങൾക്ക് നേരെ തോക്കുധാരികൾ നടത്തിയ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 45 ആയി. വെടിവയ്പ്പിൽ ഇരുപതോളം പേർക്ക് പരിക്കേറ്റതായി ആഭ്യന്ത്രമന്ത്രാലയം സ്ഥിരീകരിച്ചു. അഫ്ഗാനിസ്ഥാനുമായി

അതിർത്തി പങ്കിടുന്ന കുറം ജില്ലയിൽ ഇന്നലെയാണ് ആക്രമണം നടന്നത്. സുരക്ഷാ ഉദ്യോഗസ്ഥരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവരാണ് കൊല്ലപ്പെട്ടതെന്ന് ജില്ലാ പോലീസ്, ആശുപത്രി അധികൃതർ അറിയിച്ചു. അക്രമികളെ കണ്ടെത്താനുള്ള പോലീസ് അന്വേഷണം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## JANJATIYA GAURAV PAKHWADA

ബിർസ മുണ്ടയോടുള്ള ആദരസൂചകമായി രാജ്യത്തുടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജൻജാതിയ ഗൗരവ് പഖ്‌വാഡ ആചരിക്കുന്നു. ഇന്ത്യയുടെ സമ്പന്നമായ ഗോത്ര പാരമ്പര്യവും ഗോത്ര സമൂഹങ്ങളുടെ സംഭാവനകളും വ്യക്തമാക്കുന്ന പരിപാടികൾ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഗോത്രവർഗ്ഗങ്ങളുടെ ശാക്തീകരണത്തിനായി നിരവധി പദ്ധതികളാണ് രാജ്യത്ത് പുരോഗമിക്കുന്നതെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കി. വോക്കൽ ഫോർ ലോക്കൽ സംരംഭത്തിന് കീഴിൽ 75-ലധികം ഗോത്ര ഉല്പന്നങ്ങൾക്ക് ഭൂമിശാസ്ത്ര സൂചിക ടാഗുകൾ ലഭിച്ചതായും കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

## WHATSAPP-BLOCK

ഇന്ത്യൻ സൈബർ ക്രൈം കോർഡിനേഷൻ സെന്റർ ടെലികമ്മ്യൂണിക്കേഷൻ വകുപ്പുമായി ചേർന്ന് തെക്കു-കിഴക്കൻ ഏഷ്യ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സൈബർ കുറ്റവാളികളുമായി ബന്ധമുള്ള 17,000 വാട്ട്സ്ആപ്പ് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്തു. കുറ്റവാളികളുടെ ശൃഖല

തകർക്കാനും രാജ്യത്തിന്റെ ഡിജിറ്റൽ സുരക്ഷ ശക്തിപ്പെടുത്താനും കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&&&&

## INDIA- AUSTRALIA CRICKET

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ബോർഡർ-ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് ഓസ്ട്രേലിയയിലെ പെർത്തിൽ തുടക്കമാകും. ഇന്ത്യൻ സമയം രാവിലെ 7.50-നാണ് മത്സരം. അഞ്ച് മത്സരങ്ങളാണ് പരമ്പരയിലുള്ളത്. രണ്ടാം ടെസ്റ്റ് മത്സരം ഡിസംബർ 6 ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&

## BADMINTON - CHINA MASTERS

ചൈനയിലെ ഷെൻഷെനിൽ നടക്കുന്ന ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഇന്ന് ഇറങ്ങും. ഡെൻമാർക്കിന്റെ ആൻഡേഴ്സ് ആന്റോൺസണാണ് എതിരാളി.

&&&&&&&&&&&&&&&&&&

## SANTOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോൾ യോഗ്യതാ റൗണ്ടിലെ രണ്ടാം മത്സരത്തിൽ കേരളം ഇന്ന് ലക്ഷദ്വീപിനെ നേരിടും. വൈകുന്നേരം 3.30 ന് കോഴിക്കോട് കോർപറേഷൻ ഇ എം എസ് സ്റ്റേഡിയത്തിലാണ് മത്സരം. ഗ്രൂപ്പ് വിഭാഗത്തിൽ മൂന്ന്

പോയിന്റുള്ള കേരളം നിലവിൽ രണ്ടാംസ്ഥാനത്താണ്. പുതുച്ചേരിയാണ് ഒന്നാമത്.

&&&&&&&&&&&&&&&&&&

## ELECTION COUNTING

കേരളത്തിൽ വയനാട് ലോക് സഭാ മണ്ഡലത്തിലും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും നടന്ന ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ നടക്കും. രാവിലെ എട്ടിന് ആരംഭിക്കുന്ന വോട്ടെണ്ണലിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുകയാണ്. മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ മണ്ഡലങ്ങളിലേയും ഉപതെരഞ്ഞെടുപ്പ് നടന്ന മറ്റ് ഇടങ്ങളിലേയും വോട്ടെണ്ണൽ നാളെ നടക്കും.

&&&&&&&&&&&&&&&&&&

## NURSING STUDENT DEATH

പത്തനംതിട്ട ചുട്ടിപ്പാറ നേഴ്സിംഗ് കോളജിലെ വിദ്യാർത്ഥിനി അമ്മു എസ് സജീവിന്റെ മരണവുമായി ബന്ധപ്പെട്ട് സഹപാഠികളായ മൂന്ന് വിദ്യാർത്ഥിനികളെ പോലീസ് കസ്റ്റഡിയിലെടുത്തു. നാലാം വർഷ നേഴ്സിംഗ് വിദ്യാർഥിനികളെയാണ് പത്തനംതിട്ട പോലീസ് കസ്റ്റഡിയിലെടുത്തത്. ഇവർക്കെതിരെ ആത്മഹത്യാ പ്രേരണാ കുറ്റം ചുമത്തുമെന്നാണ് വിവരം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&